**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **02-02-2026 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാകാപ്പ് നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ഉൾപ്പെടുന്ന മോര്യകാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | **മോര്യാകാപ്പിന്റെ നവീകരണത്തിനായി നബാർഡിന്റെ ധനസഹായത്തോടെ "NABARD RIDF XI - Drainage improvement works to Moryakapp in Nannambra Grama Panchayath, in Malappuram District" എന്ന പ്രവൃത്തിയ്ക്ക് 2006-ൽ അംഗീകാരം നല്കിയിരുന്നുവെങ്കിലും ആയത് പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട് കരാറുകാരൻ ഫയൽ ചെയ്ത കേസുകളിന്മേൽ ബഹു ഹൈക്കോടതിയുടെ അന്തിമ വിധി പാലിച്ചുകൊണ്ടുള്ള 25.03.2019 തീയതിയിലെ G.O (Rt) No. 212/2019/WRD ഉത്തരവിന്റെ അടിസ്ഥാനത്തിൽ "Improvements to Moryakappu (Farmers Natural Water Source) at Nannambra Panchayath in Malappuram District Phase II എന്ന പ്രവൃത്തിയുടെ വിശദമായ DPR തയ്യാറാക്കുന്നതിന് മോര്യാകാപ്പും പരിസരപ്രദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പലതവണ സന്ദർശിച്ചതിൽ നിന്നും പഴയ പ്രവൃത്തികൾ മണ്ണും ചെളിയും മൂടി തികച്ചും ഉപയോഗപ്രദമാക്കാനാകാത്ത വിധം കാലഹരണപ്പെട്ട നിലയിലാണെന്നു മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുമായി ഇനിയും മുന്നോട്ട് പോകുന്നത് പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ മോര്യാകാപ്പിന്റെ നവീകരണത്തിനായി കർഷകരുടെയും ജനപ്രതിനിധികളുടെയും അഭിപ്രായം ആരാഞ്ഞുകൊണ്ട് ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചാൽ മാത്രമേ മോര്യാകാപ്പ് പദ്ധതികൊണ്ട് പൂർണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ജലസേചനവും ഭരണവും ചീഫ്** |

| | | | |
|---|---|---|---|
| | | | **എഞ്ചിനീയറുടെ കാര്യാലയത്തിലെ CEIA/3951/2025-DB1(W6) നമ്പർ ഫയലിലും ജലവിഭവ വകുപ്പിന്റെ MI2/178/2019-WRD നമ്പർ ഫയലിലും ഈ വിഷയം കൈകാര്യം ചെയ്തു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും അനുമതികൾ നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്; ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; | (സി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (ഡി) | പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ഡി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (ഇ) | പദ്ധതിയുടെ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക സഹിതം വിശദമാക്കാമോ? | (ഇ) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ